പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1475 — 11.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമം കേരളത്തിൽ നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | 2015 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം റദ്ദാക്കുന്ന സാഹചര്യത്തിൽ കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമം ബാധകമായിട്ടുള്ള പ്ലാനിംഗ് ഏരിയ നിശ്ചയിച്ചിട്ടുള്ളത്, നഗരഗ്രാമാസൂത്രണ നിയമത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്ലാനിംഗ് ഏരിയകൾക്ക് മാത്രമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(എ), (ബി) & (സി)**<br>കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2016 ൽ നിലവിൽ വന്നതിനെ തുടർന്ന് 2017 ലെ 15-ാം ഓർഡിനൻസായി (15.07.2017 ലെ വിജ്ഞാപന നമ്പർ 5378/ലെഗ്.സി1/2017/ നിയമം) കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2015 റദ്ദാക്കിയിട്ടുള്ളതാണ്. എന്നാൽ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) സംബന്ധിച്ച കേന്ദ്ര നിയമത്തിന് അനുസൃത മായ ചട്ടങ്ങൾ രൂപീകരിക്കുന്ന പ്രവർത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരികയാണ്. ടി ചട്ടങ്ങൾ രൂപീകരിച്ചാൽ മാത്രമേ പ്ലാനിംഗ് ഏരിയ സംബന്ധിച്ചും, പാട്ട സ്ഥലത്ത് ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ചുമുള്ള വിഷയങ്ങളിൽ വ്യക്തത സാധ്യമാവുകയുള്ളൂ. |
| ബി) | പ്ലാനിംഗ് ഏരിയയിൽ ഉൾപ്പെടാത്തതിനാൽ സംസ്ഥാനത്തെ ധാരാളം നഗരസഭകളും എല്ലാ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥിതിവിശേഷമുണ്ടാകാൻ ഇടയുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | |
| സി) | കേന്ദ്ര നിയമപ്രകാരം പാട്ടത്തിന് നൽകിയ സ്ഥലത്തും ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് വ്യവസ്ഥയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ഭൂമി നിയമങ്ങൾ കണക്കിലെടുക്കുമ്പോൾ ഇത് പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ